പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 667 — 06.02.2013 -ൽ മറുപടിക്ക്.

## സാഫല്യം ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>" വർക്കല കഹാർ<br>" പി. എ. മാധവൻ<br>" റ്റി.എൻ. പ്രതാപൻ | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും - നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
| (എ) | സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ ദുർബലവിഭാഗങ്ങളിൽ (EWS) പ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായവർക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുക എന്നതാണ് സാഫല്യം ഭവനപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങളെന്തെല്ലാം; | (ബി)യും (സി)യും | ഉണ്ട്. സാഫല്യം ഭവനപദ്ധതിയുടെ ഫ്ലാറ്റുകളുടെ നിർമ്മാണചെലവ് 3.50 ലക്ഷമായും, തറവിസ്തീർണ്ണം 195ച. അടിയിൽനിന്നും 327 ച. അടിയായയും സർക്കാർ സബ്സിഡി തുക 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചുകൊണ്ടുള്ള പുതുക്കിയ സാഫല്യം ഭവനപദ്ധതിയ്ക്ക് 7.11.2012 ലെ സ.ഉ.(എം.എസ്)നമ്പർ70/2012/ഭവനം പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട് . |
| (സി) | സബ്സിഡി, തറവിസ്തീർണ്ണം എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഭേദഗതിയിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നുണ്ട്;വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 03/01/2013 -ലെ G.O ( M.S) നം 01/13/ഭവനം പ്രകാരം കേരളത്തിലെ 8 ജില്ലകളിലായി 10 സ്ഥലങ്ങളിൽ സാഫല്യം ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാഫല്യം പദ്ധതിയുടെ ഒന്നാം ഘട്ടമായി 7 ജില്ലകളിലായി 400 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

കൊല്ലം ജില്ല - ചാത്തന്നൂർ
- 48 ഫ്ളാറ്റുകൾ

ആലപ്പുഴ ജില്ല - ചെട്ടികുളങ്ങര
- 24 ഫ്ളാറ്റുകൾ

കോട്ടയം ജില്ല - അകലക്കുന്നം
- 48 ഫ്ളാറ്റുകൾ

തൃശ്ശൂർ ജില്ല - പുതുക്കാട്
- 72 ഫ്ളാറ്റുകൾ

കോഴിക്കോട് ജില്ല - ചേളന്നൂർ
- 66 ഫ്ളാറ്റുകൾ

മലപ്പുറം ജില്ല - തിരുവാലി
- 60 ഫ്ളാറ്റുകൾ

പാലക്കാട് ജില്ല - എലപ്പുള്ളി
- 82 ഫ്ളാറ്റുകൾ

സെക്ഷൻ ഓഫീസർ